# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 05, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
| --- |
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

## കശുവണ്ടി വ്യവസായത്തിന്റെ പ്രതിസന്ധി

*481 ശ്രീ. ചിറ്റയം ഗോപകുമാർ
,, സി. ദിവാകരൻ
,, കെ. രാജു
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂപയുടെ മൂല്യത്തകർച്ച കശുവണ്ടി വ്യവസായത്തെ വൻപ്രതിസന്ധിയിലാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തുനിന്നും പ്രതിവർഷം എത്ര ടൺ കശുവണ്ടി കയറ്റി അയയ്ക്കുന്നുണ്ട് ;

(സി) ഒരു വർഷത്തേയ്ക്ക് എത്രമാത്രം തോട്ടണ്ടി സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കശുവണ്ടി വ്യവസായത്തിലെ ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; ഇതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

ഫോറസ്റ്റ് ടൂറിസം

*482 ശ്രീ. സി. പി. മുഹമ്മദ്
,, അന്‍വര്‍ സാദത്ത്
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഫോറസ്റ്റ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വനം വികസന കോര്‍പ്പറേഷന്‍ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) വനം വികസന കോര്‍പ്പറേഷന്റേയും വനം വകുപ്പിന്റെയും കീഴിലുളള എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളും പരിസ്ഥിതി സൗഹാര്‍ദ്ദരീതിയില്‍ വിപുലപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥലങ്ങളിലേയ്ക്ക് ടൂര്‍ പാക്കേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.ഐ.ഡി.സി.യുടെ സാമൂഹ്യസുരക്ഷാ പ്രവര്‍ത്തനങ്ങള്‍</u>

*483 ശ്രീ. ലൂഡി ലൂയിസ്
,, പി.എ. മാധവന്‍
,, വി.പി. സജീന്ദ്രന്‍
,, എം.പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഐ.ഡി.സി. സാമൂഹ്യ സുരക്ഷാരംഗത്തേക്ക് പ്രവര്‍ത്തനം വ്യാപിപ്പിച്ചിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) എന്തെല്ലാം സാമൂഹ്യ സുരക്ഷാ പ്രവര്‍ത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെയും ഈ മാതൃകയിലേക്ക് കൊണ്ടുവരാന്‍ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**05.07.2012-ലെ മറുപടിക്ക്**

<u>മിതമായ നിരക്കിൽ വൈദ്യുതി</u>

*484 ശ്രീ. സി. മമ്മൂട്ടി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വൈദ്യുതി മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം 2012-13 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ലക്ഷ്യം നേടുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള പരിപാടികളെ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ;

(സി) ഇതിനായി ഉല്പാദനമേഖലയിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളേതെല്ലാം; എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഈ പദ്ധതികളിൽ നിന്ന് ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

<u>വൈദ്യുതി വിതരണം സ്വകാര്യ ഏജൻസിയെ ഏല്പിച്ച നടപടി</u>

*485 ശ്രീ. എ. കെ. ബാലൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, രാജു എബ്രഹാം
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടണങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ ഫ്രാഞ്ചൈസിയെ ഏല്പിക്കാൻ വി. കെ. ഷുംഗ്ലു കമ്മിറ്റി ശുപാർശയിൻമേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ:

(ബി) വൈദ്യുതി ബോർഡ് കമ്പനിവല്ക്കരിക്കപ്പെട്ട സംസ്ഥാനങ്ങളിൽ നഷ്ടം സംഭവിച്ചതായി വരുന്ന വാർത്തകളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) വൈദ്യുതി ബോർഡ് കമ്പനിവല്ക്കരിച്ച സംസ്ഥാനങ്ങളിൽ പലയിടത്തും വൈദ്യുതി വിതരണം സ്വകാര്യ ഏജൻസിയെ ഏല്പിച്ചതായി സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

<u>വന്യജീവികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ</u>

*486 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിൽ എത്ര കുറ്റകൃത്യങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കുറ്റങ്ങൾ ചെയ്തവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

കേരളത്തിന്റെ റെയിൽവേ വികസന ആവശ്യങ്ങൾ

*487 ശ്രീ. വി. ശിവൻകുട്ടി
,, കെ. വി. വിജയദാസ്
,, പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റെയിൽവേ രംഗത്ത് ഇതിനകം പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തതെന്ന് വിശദമാക്കാമോ ;

(ബി) റെയിൽവേ വികസന ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് പ്രത്യേക ശ്രമങ്ങൾ നടത്താൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

<u>പ്രകൃതിവാതക ശൃംഖല</u>

T*488 ശ്രീ. കെ. രാധാകൃഷ്ണൻ
,, പി.റ്റി.എ. റഹീം
,, കെ. കെ. നാരായണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിവാതക ശൃംഖല സ്ഥാപിക്കുന്നതിന് മുൻസർക്കാർ തുടക്കം കുറിച്ച നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണ് ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാദ്ധ്യമാകുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

<u>അപകടം ഒഴിവാക്കാൻ റെയിൽവേ മേൽപ്പാലങ്ങൾ</u>

*489 ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, റ്റി. വി. രാജേഷ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തിയാക്കാത്തതു മൂലമുണ്ടാകുന്ന ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലബാർ മേഖലയിൽ എത്ര മേൽപ്പാലങ്ങൾ ഇനിയും പൂർത്തിയാക്കാനുണ്ട്;

(സി) അളില്ലാ ലെവൽക്രോസിംഗിൽ ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലെവൽക്രോസിംഗിലുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനും ഗതാഗത തടസ്സം ഇല്ലാതാക്കാനും അടിപ്പാതയോ മേൽപ്പാലങ്ങളോ നിർമ്മിക്കുന്നതിന് കേന്ദ്രത്തിൽ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാട് എന്തായിരുന്നു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

<u>വ്യവസായ സംരംഭങ്ങൾക്ക് വൈദ്യുതി</u>

*490 ശ്രീ. റ്റി.യു.കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വർദ്ധിച്ചുവരുന്ന ഉർജ്ജാവശ്യം പരിഗണിച്ച് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ പുതിയ വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വൈദ്യുതി സുലഭമായി നല്കി വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

വന്‍കിട വാണിജ്യ വ്യാപാര മേഖലകള്‍

*491 ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വന്‍കിട വാണിജ്യ-വ്യാപാര മേഖലകള്‍ സ്ഥാപിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാന്‍ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ വികസന പ്രവര്‍ത്തനങ്ങളാണ് നടത്താന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

<u>എമര്‍ജിംഗ് കേരള -ഹൈപവര്‍ കമ്മിറ്റി</u>

*492 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
,, എളമരം കരീം
,, എം. ചന്ദ്രന്‍
,, സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'എമര്‍ജിംഗ് കേരള സംഗമം' സംഘടിപ്പിക്കുന്നതിനായുള്ള ഹൈപവര്‍ കമ്മിറ്റിയുടെ ഇതുവരെയുള്ള തിരുമാനങ്ങള്‍ വിശദമാക്കാമോ ;

(ബി) ഇതിനായുള്ള ഹൈപവര്‍ കമ്മിറ്റി എത്ര തവണ ചേരുകയുണ്ടായി ;

(സി) വ്യവസായ പ്രമുഖരുടെ മുമ്പാകെ സമര്‍പ്പിക്കുന്നതിന് ഏതെല്ലാം പദ്ധതി നിര്‍ദ്ദേശങ്ങളാണ് ഇതിനകം തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

വാഹന വാടക നിശ്ചയിക്കാൻ സ്ഥിരം സംവിധാനം

*493 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ/ഡീസൽ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി യാത്രാവാഹനങ്ങളുടെ വാടകനിരക്കിൽ വ്യത്യാസം വരുത്തുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) ഓരോ പ്രാവശ്യവും ഇന്ധനവിലവർദ്ധിക്കുമ്പോൾ യാത്രക്കാരും വാഹന ഉടമകളും തമ്മിൽ വാടക സംബന്ധിച്ച തർക്കങ്ങൾ ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കാനുള്ള ഒരു മാർഗ്ഗത്തെക്കുറിച്ച് വാഹനവില, ടാക്സ്, ഇന്ധനവില എന്നിവ കണക്കിലെടുത്ത് വാഹന വാടക നിശ്ചയിക്കാൻ സ്ഥിരമായ ഒരു മാനദണ്ഡം ഉണ്ടാക്കുന്നകാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലെ കേന്ദ്ര നിക്ഷേപം

*494 ശ്രീ. എ.എം. ആരിഫ്
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പി.റ്റി.എ. റഹീം
'' എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളിൽ കേന്ദ്ര നിക്ഷേപം കുറഞ്ഞുവരുന്നത് കേരളത്തിന്റെ വ്യവസായ വത്ക്കരണത്തെയും തൊഴിൽ സാദ്ധ്യതയേയും ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കേന്ദ്രനിക്ഷേപം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

ഐ. റ്റി. യുടെ ഗുണഫലങ്ങള്‍ ജനങ്ങളിലെത്തിക്കാന്‍ പദ്ധതി

*495 ശ്രീ. ഹൈബി ഈഡന്‍
,, വി. ഡി. സതീശന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഐ. റ്റി യുടെ ഗുണഫലങ്ങള്‍ ജനങ്ങളിലെത്തിക്കാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കി നടപ്പിലാക്കിയത്; വിശദാംശം നല്‍കുമോ;

(സി) ഈ ലക്ഷ്യം പൂര്‍ണ്ണമായി കൈവരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

<u>കായിക പരിശീലകര്‍ക്ക് ട്രെയിനിംഗ് അക്കാഡമി</u>

*496 ശ്രീ. വര്‍ക്കല കഹാര്‍
,, ജോസഫ് വാഴക്കന്‍
,, സി. പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്പോര്‍ട്സ് പരിശീലകര്‍ക്കായി ട്രെയിനിംഗ് അക്കാഡമി തുടങ്ങുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ അക്കാഡമിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് അക്കാഡമി ആരംഭിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ പ്രവര്‍ത്തനങ്ങള്‍ തുടങ്ങിയിട്ടുണ്ട് ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

<u>ചരക്കു വാഹനങ്ങളുടെ വാടക</u>

*497 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്കു വാഹനങ്ങൾക്ക് വാടക നിശ്ചയിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**

**05.07.2012-ലെ മറുപടിക്ക്**

<u>പ്രകൃതി വിഭവങ്ങളിലധിഷ്ഠിതമായ വ്യവസായ സാദ്ധ്യതകള്‍</u>

*498 ശ്രീ. ആര്‍. രാജേഷ്
,, എം. എ. ബേബി
ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രകൃതി വിഭവങ്ങളിലധിഷ്ഠിതമായ വ്യവസായ സാദ്ധ്യതകള്‍ ഇപ്പോള്‍ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത വ്യവസായങ്ങളിലേക്ക് നിക്ഷേപകരെ ആകര്‍ഷിക്കുന്നതിനായി നിര്‍ദ്ദേശിച്ചിട്ടുള്ള പദ്ധതികള്‍ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) എമര്‍ജിംഗ് കേരളയില്‍ ഈ മേഖലയെ ഉദ്ദേശിച്ചുകൊണ്ടുള്ള എന്തെല്ലാം നിര്‍ദ്ദേശങ്ങള്‍ക്ക് തീരുമാനമായിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ

# 05.07.2012-ലെ മറുപടിക്ക്

ഊർജ്ജ ക്ലിനിക് പദ്ധതി

*499 ശ്രീ. കെ. മുരളീധരൻ
,, എം.പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ ക്ലിനിക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇത് നടപ്പാക്കുന്നത്;

(ഡി) പദ്ധതി വ്യാപിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

<u>തലസ്ഥാനത്തെ മോണോറെയിൽ പദ്ധതി</u>

*500 ശ്രീ. എം. എ. വാഹിദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ മോണോറെയിൽ പദ്ധതിക്കായി കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകാൻ ആരോടാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിക്കുള്ള സ്ഥലമെടുപ്പിനും ടെന്റർ നടപടികൾക്കുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

<u>വരയാടുകളുടെ സംരക്ഷണം</u>

*501 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വനമേഖലകളിൽ വരയാടുകൾ കാണപ്പെടുന്നുണ്ട്;

(ബി) ഈ വരയാടുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ മേഖലയിലും എത്ര വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അവയ്ക്ക് വംശനാശം സംഭവിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വരയാടുകളുടെ സങ്കേതങ്ങളിൽ ടൂറിസ്റ്റുകളുടെ സന്ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

<u>നിക്ഷേപ സുരക്ഷാ ബോർഡ്</u>

*502 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, വി.റ്റി. ബൽറാം
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപസുരക്ഷാ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ ബോർഡിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിക്ഷേപങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ബോർഡ് നടപ്പിലാക്കി വരുന്നത്?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യെ കാര്യക്ഷമമാക്കുന്നതിനുള്ള പഠനറിപ്പോർട്ട്

*503 ശ്രീ. എം. ഹംസ
,, എം.എ. ബേബി
,, പി.റ്റി.എ. റഹീം
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാനേജ്മെന്റ് ഏർപ്പെടുത്തിയ വർമ്മ ആന്റ് വർമ്മ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്നും അറിയിക്കുമോ;

(ബി) ഓർഡിനറി സർവ്വീസുകളുടെ എണ്ണം കുറവുചെയ്യാനും ലാഭകരമല്ലാത്ത റൂട്ടുകളിലെ സർവ്വീസുകൾ നിർത്തിവെയ്ക്കാനുമുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് മാനേജ്മെന്റിന്റെയും സർക്കാരിന്റെയും നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേഷന്റെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണമെന്ന റിപ്പോർട്ടിലെ ശുപാർശ സംബന്ധിച്ച നിലപാട് എന്താണെന്ന് വിശദമാക്കുമോ;

(ഡി) ശമ്പളവും പെൻഷനും ബാങ്കുവഴി വിതരണം ചെയ്യാനുള്ള നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

<u>അക്ഷയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

*504 ശ്രീ. ഷാഫി പറമ്പിൽ
'' അൻവർ സാദത്ത്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് അക്ഷയ പദ്ധതിവഴി നടത്തിവരുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയെ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനും സാധാരണക്കാർക്ക് ഐ.റ്റി.-യുടെ സേവനങ്ങൾ പരമാവധി ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

റോഡ് സുരക്ഷാ ബോധവല്‍ക്കരണം

*505 ശ്രീ. വി. പി. സജീന്ദ്രന്‍
,, എ. റ്റി. ജോര്‍ജ്
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റോഡ് സുരക്ഷാ ബോധവല്‍ക്കരണത്തിനുള്ള ഡിജിറ്റല്‍ വീഡിയോ പ്രദര്‍ശന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം;

(ബി) എതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്;

(സി) പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പൊതുജനങ്ങളില്‍ നിന്ന് അഭിപ്രായശേഖരണം നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ

## 05.07.2012-ലെ മറുപടിക്ക്

ഐ.ടി. പാര്‍ക്കുകളില്‍ സ്ഥലം നല്‍കുന്നതിനുള്ള മാനദണ്ഡം

*506 ശ്രീ. എ. പ്രദീപ്കുമാര്‍
,, എസ്. ശര്‍മ്മ
,, സാജു പോള്‍
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ടെക്നോപാര്‍ക്ക്, ടെക്നോസിറ്റി, ഇന്‍ഫോപാര്‍ക്ക് എന്നീ ഐ.ടി. മേഖലകളിലെ സ്ഥലം ഐ. ടി. കമ്പനികള്‍ക്ക് നല്‍കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് ഐ. ടി. പാര്‍ക്കുകളില്‍ ഏതെല്ലാം സ്ഥാപനങ്ങള്‍ക്ക് എത്ര വീതം ഭൂമി നല്‍കിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം എത്ര കമ്പനികള്‍ക്ക് എത്ര വീതം ഭൂമി നല്‍കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) കമ്പനികള്‍ക്ക് ഭൂമി നല്‍കുമ്പോള്‍ ലാന്‍ഡ് അക്വിസിഷന്‍ വിലയും മറ്റു ചെലവുകളും കണക്കാക്കി വിലയീടാക്കുന്ന രീതിയില്‍ മാറ്റം വരുത്തിയിട്ടുണ്ടോ;

(ഇ) ലാന്‍ഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കോടതി മുഖേനയോ കമ്മീഷന്‍ മുഖേനയോ അധിക തുക നല്‍കേണ്ടി വന്നാല്‍ പ്രസ്തുത തുകകൂടി ഭൂമി ലഭിച്ച കമ്പനികളില്‍ നിന്നും ഈടാക്കുമെന്ന വ്യവസ്ഥ ഇപ്പോള്‍ പ്രാവര്‍ത്തികമാക്കുന്നുണ്ടോ?

# കേരള നിയമസഭ

## 05.07.2012-ലെ മറുപടിക്ക്

**കടത്തിലായ കൈത്തറി സംഘങ്ങൾക്കുള്ള ധനസഹായം**

*507 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി സംഘങ്ങളുടെ സംരക്ഷണത്തിനായി രൂപം നൽകിയ റിവൈവൽ റിഫോം റീസ്ട്രക്ച്ചറിംഗ് പാക്കേജ് സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കൈത്തറി സംഘങ്ങൾക്കെല്ലാം കൂടി കടം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കടത്തിലായ സംഘങ്ങളെ രക്ഷിക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കേന്ദ്ര സഹായം നേടിയെടുക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 05.07.2012-ലെ മറുപടിക്ക്

വനഭൂമികളുടെ അതിര്‍ത്തി നിര്‍ണ്ണയം

*508 ശ്രീ. കെ.എന്‍.എ. ഖാദര്‍
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വാഭാവിക വനഭൂമിയുടെ അതിര്‍ത്തി നിര്‍ണ്ണയം നടത്തി അടയാളങ്ങള്‍ സ്ഥാപിക്കാന്‍ എന്തെങ്കിലും നടപടികള്‍ സ്വീകരിക്കുന്നുണ്ടോ;

(ബി) വനഭൂമിയിന്മേലുള്ള കൈയേറ്റങ്ങള്‍ കണ്ടെത്താന്‍ എന്തൊക്കെ സംവിധാനങ്ങളാണ് വനം വകുപ്പിനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഉന്നത വനംവകുപ്പ് ഉദ്യോഗസ്ഥര്‍ക്ക് ഇക്കാര്യത്തില്‍ നല്കിയിട്ടുള്ള ചുമതലകളെന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

<u>വന സംരക്ഷണത്തിൽ ജനങ്ങളുടെ സഹകരണം</u>

*509 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന സംരക്ഷണത്തിന് ജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനു സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ ;

(ബി) വനങ്ങൾക്കകത്ത് രൂപം കൊണ്ടിട്ടുളള ജനവാസ കേന്ദ്രങ്ങളുടെ വിസ്തൃതി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രവണത നിയന്ത്രിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുളള മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;

(സി) വനത്തിനകത്തെ ജനവാസ കേന്ദ്രങ്ങളിലേക്കുളള റോഡുകളിൽ വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുളള നിരീക്ഷണ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 05.07.2012-ലെ മറുപടിക്ക്

<u>പ്രോജക്ട് സാറ്റർഡേ</u>

*510 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ പ്രോജക്ട് സാറ്റർഡേ എന്ന് മുതലാണ് നടപ്പിലാക്കിയത്;

(ബി) ഈ പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്;

(സി) ഈ പദ്ധതിയിലൂടെ വകുപ്പ് ആർജ്ജിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 26.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.